## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1836 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. കെ. എൻ. എ. ഖാദർ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സ്ത്രീശാക്തീകരണത്തിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) സ്ത്രീകളുടെ സമസ്ത പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട് ലിംഗപരമായ അസമത്വം ഒഴിവാക്കുന്നതിന് വേണ്ടി കോഴിക്കോട് വെള്ളിമാട്കുന്നിൽ സ്ഥാപിക്കുന്ന 'തന്റേടം ജെൻഡർ പാർക്ക്' പദ്ധതിയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനുമായുള്ള 'നിർഭയ' പദ്ധതിയും നിലവിൽ നടപ്പിലാക്കി വരുന്ന സ്ത്രീശാക്തീകരണ പദ്ധതികളാണ്. ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന 2005 ലെ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. ഗാർഹികാതിക്രമങ്ങൾക്ക് ഇരയായവരെ സേവനദാതാക്കൾ വഴി സൗജന്യ നിയമസഹായവും, വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായവർക്ക് വിദ്യാഭ്യാസം, വിവാഹം, ചികിത്സാ സഹായം, തുടങ്ങിയവയ്ക്കെല്ലാം സഹായവും |

| | |
|---|---|
| | നൽകിവരുന്നു. വിവാഹിതരായ അന്തേവാസികൾക്ക് സ്വയം തൊഴിലിനായി 25,000/- രൂപ ധനസഹായം നൽകി വരുന്നു. ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന വനിതകൾ ഗൃഹനാഥരായവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി, മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതി, തൊഴിൽ പരിശീലന പദ്ധതി എന്നിവ നടത്തി വരുന്നു. |
| (ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിനായി പുതിയ നിയമ നിർമ്മാണത്തിന് സാമൂഹ്യക്ഷേമ വകുപ്പ് ആലോചിക്കുന്നുണ്ടോ; | (ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് നിർഭയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) നിലവിലുള്ള കേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിനായി മൂന്ന് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിന് തീരുമാനമാകുകയും അതിലൊന്ന് എറണാകുളത്ത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

4

സെക്ഷൻ ഓഫീസർ